**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2061** **12-09-2023 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത ക്ഷീരസംഘങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത ക്ഷീരസംഘങ്ങളുടെ സഹകരണ നിയമപ്രകാരമുള്ള അവകാശങ്ങൾ ഹനിക്കുന്ന ക്ഷീരവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 01.09.2022-ലെ സ.ഉ. (സാധാ) 116/2022/ഡി.ഡി. നമ്പർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സ.ഉ.(സാധാ)നം.116/2022/ഡിഡി നമ്പർ ഉത്തരവ് പ്രകാരം കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും, അംഗസംഘങ്ങളായ മേഖലാ സഹകരണ ക്ഷീര ഉല്പാദക യൂണിയനുകൾക്കും സുഗമമായ പ്രവർത്തനങ്ങൾക്ക് അധികാര പരിധികൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവ് സംബന്ധിച്ച ഫയൽ ക്ഷീരവികസന വകുപ്പ് മന്ത്രിയുടെ ഓഫീസ് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | സഹകരണ നിയമത്തിന് വിരുദ്ധമായ പ്രസ്തുത ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ടി ഉത്തരവിനെതിരെ ലഭിച്ച പരാതികൾ പരിശോധിച്ചുവരുന്നു. |
| (ഡി) | ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്ന പരമ്പരാഗത ക്ഷീരസംഘങ്ങളെ പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ഡി) | ആപ്കോസ് സംഘങ്ങൾക്ക് നൽകുന്ന എല്ലാ ധനസഹായ പദ്ധതികളും ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്ന പരമ്പരാഗത ക്ഷീരസംഘങ്ങൾക്കും ലഭിക്കുന്നതാണ്.ക്ഷീരസംഘത്തിന് സ്ഥലം വാങ്ങൽ, കെട്ടിട നിർമ്മാണം, ഭൗതിക സാഹചര്യമൊരുക്കൽ, പാൽ പരിശോധന ഉപകരണങ്ങൾ സ്ഥാപിക്കൽ എന്നിങ്ങനെയുള്ള എല്ലാ ധനസഹായ പദ്ധതികളും പരമ്പരാഗത ക്ഷീരസംഘങ്ങൾക്കും അർഹതപ്പെട്ടതാണ്. |

സെക്ഷൻ ഓഫീസർ